**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4631** **13-03-2023 - ൽ മറുപടിയ്ക്ക്**

**സേഫ് പദ്ധതിയുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നടപ്പിലാക്കി വരുന്ന സേഫ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിക്കായുള്ള അപേക്ഷകൾ എപ്പോഴാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം നൽകാമോ; | (എ) | 2010 ഏപ്രിൽ 1-ന് ശേഷം ഭവനപൂർത്തീകരണം നടത്തിയിട്ടുള്ളവരും, കഴിഞ്ഞ 5 വർഷക്കാലയളവിൽ ഭവന നിർമ്മാണത്തിനോ, ഭവന പുനരുദ്ധാരണത്തിനോ ധനസഹായം ലഭിക്കാത്തതുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ ഭവനപൂർത്തീകരണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് SAFE (Secure Accommodation and Facility Enhancement) പദ്ധതി.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 11/11/2022 ആയിരുന്നു. നിശ്ചിത തീയതിക്കകം അപേക്ഷ സമർപ്പിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കെല്ലാം ധനസഹായം അനുവദിച്ച ശേഷമേ പുതിയ അപേക്ഷ ക്ഷണിക്കുകയുള്ളു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും നാളിതുവരെ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്നും അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 859 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ബാലുശ്ശേരി ബ്ലോക്കിൽ 61 അപേക്ഷകൾക്ക് അപ്രൂവൽ നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 81 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ടി അപേക്ഷകർക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ